# നാദാത്മ



T61
M90

16 AUG 1983

# ഗാനാർച്ചന

DHARMARAM COLLEGE
LIBRARY
BANGALORE

**1981**

## C. M. I. 150Th JUBILEE YEAR

**COMMEMORATIVE OFFERING.**

DHARMARAM COLLEGE LIBRARY
Ac. No 45935
Call No T61/M90

**GADHARCHANA**
(Malayalam)

Lyrics
By J. Mukalel C. M. I.
Provincial House
Amalapuri
Calicut-1
Cover design by S. T. Sebastian
First Published: May 1981
Printed at: SADGURU PRINTING HOUSE
Price: Rs. 2-00
Copy right
Joseph Mukalel
Published by the Author
Distribution:
Vimala Book Centre
Amalapuri
Calicut-1.

# ഗാഥാർച്ചന

(ഗാനങ്ങൾ)




ജെ. മുകളേൽ

വിതരണം

**വിമല ബുക്ക് സെൻറർ**

അമലാപുരി,

കോഴിക്കോട് – 1.



ആത്മീയ ചൈതന്യത്തെ ഉണർത്തുന്ന ഹൃദയഹാരിയായ, ഈ ഗാനങ്ങൾ എനിക്കു് വളരെ ഇഷ്ടപ്പെട്ടു. ഇതു ഞാൻ അടുത്തു തന്നെ ചിലതെല്ലാം റിക്കാർഡു ചെയ്യുന്നതുമാണു്. ബ്ര. ജോസഫ് മുകളേലിനു് എന്റെ സർവ്വ മംഗളങ്ങളും നേർന്നുകൊള്ളുന്നു.

സ്വന്തം

യേശുദാസ്

## ആമുഖം

വാസനാ സമ്പന്നനും അനുഗൃഹിത ഗാന രചയിതാവുമായ ബ്രദർ ജോസഫ് മുകളേൽ രചിച്ച ഏതാനും പുതിയ ക്രിസ്തീയ ഭക്തിഗാനങ്ങളുടെ സമാഹാരമാണ് ഗാഥാർച്ചന. ഭക്തിനിർഭരമായ ഒരു ഹൃദയത്തിൽനിന്നു വഴിഞ്ഞൊഴുകുന്ന, ആത്മാർത്ഥതയുടേയും ഗാനാത്മകതയുടേയും കാവ്യാത്മകതയുടേയും തേനരുവികൾ, വായനക്കാരെ സ്വർഗ്ഗീയാനുഭൂതിയുടെ ത്രിവേണീ സംഗമത്തിലേക്ക് ആനയിക്കുന്നു. അവിടെ വീണ്ടും വീണ്ടും നീരാടുവാൻ അവരെ പ്രേരിപ്പിക്കുന്നതിനുള്ള വശ്യശക്തി ഈ ഗാനങ്ങളിലെ വരികളിൽ ലയിച്ചു കിടക്കുന്നു.

ഗാഥാർച്ചനയിലെ ഗാഥകളെല്ലാം തന്നെ സുന്ദരങ്ങളായ ക്രിസ്തീയ ഭക്തിഗാനങ്ങളാണ്. ശ്രീയേശുനാഥപ്പിറവിതൊട്ട് ആ പുണ്യ ജീവിതത്തിൻെറ വിവിധഘട്ടങ്ങളിലെ വികാസ പരിണാമങ്ങളും പാവന സൂക്തങ്ങളും ആത്മബലിയും ഉയിർത്തെഴുന്നേൽപുമെല്ലാം ഈ സമാഹാരത്തിലെ ഗീതങ്ങൾക്കു വിഷയീഭവിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ പരിശുദ്ധ കന്യകാമാതാവിനെക്കുറിച്ചുള്ള ഭക്തിനിർഭരമായ ഗാനങ്ങളുമുണ്ട്. ഈ ഗാനങ്ങളെല്ലാം വിവിധങ്ങളായ ഈണങ്ങളിൽ വിദഗ്ദ്ധരായ സംഗീതജ്ഞന്മാരാൽ ട്യൂൺ ചെയ്യപ്പെട്ടിട്ടുണ്ട് എന്നറി

യുന്നു. ആ ഈണങ്ങളും ഈ ഗാനങ്ങളിലെ സാഹിത്യവും ഒന്നിച്ചുചേരുമ്പോഠം ഉളവാകുന്ന വിശിഷ്ടാനുഭൂതി ആസ്വദിക്കുവാൻ അവസരം കാത്തിരിക്കുകയാണ് ഞാൻ.

വിശ്വസംഗീതത്തിലെ ഏററവും പ്രസിദ്ധങ്ങളായ രചനകളെല്ലാം ഭക്തി എന്ന വികാരത്തെ പ്രതിപാദ്യമാക്കിക്കൊണ്ടു രചിക്കപ്പെട്ടിട്ടുള്ളവയാണ്. വിഖ്യാതങ്ങളായ സിംഫണികളും സോണെററുകളും വിവിധ സംഗീതവാദ്യങ്ങഠംക്കുവേണ്ടി സംഗീതജ്ഞന്മാർ രചിച്ചിട്ടുള്ള 'സോളോ പീസു'കളും ഇവയിൽപ്പെടുന്നു. ബിഥോവൻേറയും ബാക്കിൻേറയും ഷ്യൂബർട്ടിൻേറയും ഏററവും മനോഹരരചനകഠം അവരുടെ ഭക്തി ഗീതങ്ങളാണ്. ഭാരതീയപാരമ്പര്യവും വിഭിന്നമല്ല. ഉത്തരേന്ത്യൻ സംഗീതത്തിൻെറ ജീവനാഡികഠം ഭക്തിയുടെ പരിവേഷം പരത്തുന്ന രാഗങ്ങളും രാഗിണികളും ഗസലുകളുമാണ്. സൂർദാസ്, കബീർദാസ്, ഭക്തമീര, ചണ്ഡിദാസ്, സാന്ത് തുക്കാറാം തുടങ്ങിയ പൌരാണിക കവികളെല്ലാംതന്നെ സംഗീതകലയെ ഈശ്വരസാക്ഷാൽക്കാരത്തിനുള്ള മുഖ്യോപാധിയാക്കി സ്വീകരിച്ചിരുന്നവരാണ്.

ദക്ഷിണേന്ത്യയിലെ കർണ്ണാടക സംഗീതത്തിൻേറയും കഥ ഇതു തന്നെ. ശ്രീ ത്യാഗരാജസ്വാമികഠം, മുത്തുസ്വാമി ദീക്ഷിതർ, സ്വാതിതിരുനാഠം, പട്ടണം സുബ്രഹ്മണ്യയ്യർ തുടങ്ങിയ പ്രാചീന ഗുരുക്കന്മാർ തൊട്ട് ഇന്നു ജീവിച്ചിരിക്കുന്ന പ്രസിദ്ധഭാഗവതന്മാർവരെ ഭക്തിയുടേയും ഉപാസനയുടേയും മാർഗ്ഗം തെളിയിക്കുവാനുള്ള ദീപനാളങ്ങളായാണ് സപ്തസ്വരങ്ങളേയും വിവിധ രാഗങ്ങളേയും കണക്കാക്കിയിട്ടുള്ളതും കണക്കാക്കുന്നതും. കാററിൽ പ്രാണവായു എന്നപോലെ ഉത്തമ സംഗീതത്തിൽ ഭക്തിയും ഉഠംച്ചേർന്നിരിക്കും.

DHARMARAM COLLEGE LIBRARY
BANGALORE-29.

നമ്മുടെ ലളിതഗാനങ്ങളുടെ ലോകം ഇക്കാര്യത്തിൽ ഇരുളടഞ്ഞതാണ്. ഇന്നത്തെ കച്ചവട സിനിമയും മററും ഈ ഇരുട്ടു പരത്തുന്നതിൽ വഹിച്ചിട്ടുള്ള പങ്ക് ചെറുതൊന്നുമല്ല. ആഭാസച്ചുവയും അശ്ലീലപ്പുളിപ്പുമുള്ള സിനിമാപ്പാട്ടുകളുടെ കൊടികുത്തിവാഴ്ചയാണിന്നിവിടെ നടക്കുന്നതു്.

ഈ ദുഃസ്ഥിതിയ്ക്കൊരറുതി വരുത്തുന്നതിന് യഥാർത്ഥ കലാകാരന്മാരുടേയും സംഗീത സ്നേഹികളുടേയും സാംസ്കാരിക പ്രവർത്തകരുടേയും, സഹൃദയ ലോകത്തിൻേറയും ബോധപൂർവ്വമായ ഒരു യജ്ഞം ആരംഭിക്കേണ്ടിയിരിക്കുന്നു. ഭക്തിനിർഭരങ്ങളായ ലളിതഗാനങ്ങൾ നമ്മുക്ക് ധാരാളം ഉണ്ടായേ തീരൂ. എല്ലാ മണ്ഡലങ്ങളിൽ നിന്നും അതിനുള്ള നീക്കങ്ങൾ ഉണ്ടാവണം.

ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ബ്രദർ ജോസഫ് മുകളേലിൻെറ ഈ ഭക്തിഗീത സമാഹാരം നമ്മുടെ ഗാന സാഹിത്യത്തിലേക്കു കടന്നു വരുന്ന ഏററവും സ്വാഗതാർഹനായ ഒരു നവാതിഥിയാണ്. ഈ വിരുന്നുകാരന് നാം ഹൃദയപൂർവ്വമായ വരവേല്പു നല്കണം. നമുക്കു വേണ്ടിയും നമ്മുടെ സമൂഹ നന്മയ്ക്കു വേണ്ടിയും, വളർന്നു വരുന്ന തലമുറകളുടെ ആത്മീയ വികാസത്തിനു വേണ്ടിയും.

ഞാൻ ബ്രദർ ജോസഫ് മുകളേലിനും അദ്ദേഹത്തിൻെറ കലാപരമായ പ്രവർത്തനങ്ങൾക്കും എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

കോട്ടയം, **പി. ഭാസ്കരൻ**

8–4–81 (എഡിററർ ദീപിക ആഴ്ചപ്പതിപ്പ്)

# ആശംസ

ആരാധനക്രമം മാതൃഭാഷയിലായതോടെ പുതിയ പുതിയ ഗാനങ്ങരംക്ക ജനഹൃദയങ്ങളിൽ സ്വാധീനം വദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്തു് പുതിയ രാഗങ്ങളും പുതിയ ആവിഷ്ക്കരണവുമാകുമ്പോരം അതിൻെറ വശ്യതയ്ക്കു മേന്മ കൂട്ടും. ബ്രദർ ജോസഫ് മുകളേൽ പ്രസിദ്ധീകരിക്കുന്ന ''ഗാഥാർച്ചന'' പലതുകൊണ്ടും ശ്രദ്ധപിടിച്ചു പററുന്ന ഒരു പ്രസിദ്ധീകരണമാണെന്നു പറയുവാൻ സന്തോഷമുണ്ടു്. ബൈബിളിൽ നിന്നു് അടർത്തിയെടുത്ത ആശയങ്ങരംക്കാണു പ്രാധാന്യം കൊടുത്തിരിക്കുന്നതു്. പ്രസിദ്ധരായ സംഗീത സംവിധായകർ അവയ്ക്കു ഈണം പകർന്നിരിക്കുന്നു. ഇതിലെ മിക്കഗാനങ്ങളും ഉദാ:

''ശോകമണിഞ്ഞ ഗത്സേമിനിൽ
ശോണിതച്ചാൽ മേനിയുമായ്
ദൈവകുമാരനുണർന്നിരുന്നു,
പ്രാത്ഥനാസൂനം കൊരുത്തിരുന്നു.''

തുടങ്ങിയ ഈരടികരം ബ്രദറിൻെറ രചനാവൈഭവത്തിനു തെളിവുകളാണു്. അദ്ദേഹത്തിൻെറ തൂലിക സംഗീതരംഗത്തു സ്വൈരവിഹാരം നടത്തട്ടെ എന്നും ആരാധനാക്രമങ്ങളിൽ ഈ ഗാനങ്ങരംക്ക പ്രചുരപ്രചാരം സിദ്ധിക്കട്ടെ എന്നും ആശംസിക്കുന്നു.

എറണാകുളം **ഫാദർ ആബേൽ** സി. എം. ഐ.
31–5–81 കലാഭവൻ

# സമർപ്പണം

ആകാശവാണി കോഴിക്കോട്ട നിലയം പലപ്പോഴായി പ്രക്ഷേപണം ചെയ്ത ഭക്തിഗാനപരിപാടികൾക്കു വേണ്ടി രചിച്ചവയാണ് ഗാഥാർച്ചനയിലെ ഗാനങ്ങൾ. ഈ വരികളിൽ കാവ്യാത്മകത്വവും ആസ്വാദ്യതയും ഉൾക്കൊള്ളുന്ന ശകലങ്ങൾ ഉണ്ടോ എന്നുള്ള വസ്തുത സഹൃദയരായ സുഹൃത്തുക്കളുടെ വിലയിരുത്തലിനു വിടുന്നു. പലരുടെയും നിർബ്ബന്ധപൂർവ്വമായ പ്രേരണകൾക്കു വഴങ്ങി ആ ഗാനങ്ങളിൽ ചിലതെല്ലാം ഗാഥാർച്ചന എന്ന പേരിൽ സമാഹാരമായി സമർപ്പിക്കുന്നു.

താമസംവിനാ ഈ സമാഹാരത്തിലെ പല ഗാനങ്ങളും നമുക്കു സുപരിചിതനും പ്രിയപ്പെട്ട ഗാനഗന്ധർവ്വനുമായ ശ്രീ യേശുദാസിൻെറയും ശ്രീ ജോളി എബ്രാഹമിൻെറയും സ്വരമാധുരിയിലൂടെ ശ്രവിക്കുവാൻ ഇടയാകുമെന്ന കാര്യം അറിയിക്കുന്നതിൽ സന്തോഷമുണ്ട്. ബൈബിളിലെ ചില ആശയങ്ങളുടെ മൃദുല സ്പർശനത്തിൻെറ പ്രതിഫലന ഭാവങ്ങൾ കോർത്തിണക്കിയ ഈ ഗാനങ്ങൾ പാടുന്നവരിലും ശ്രവിക്കുന്നവരിലും ഈശ്വരഭക്തിയുടെ അനർഘാനുഭൂതി അല്പമെങ്കിലും അനുഭവവേദ്യമാകുന്നതിന്നിടയായാൽ എൻെറ ലക്ഷ്യപ്രാപ്തിയിൽ ഞാൻ കൃതാർത്ഥനായി.

ഈ ചെറു ഗ്രന്ഥത്തെ മനോഹരമായ ഒരു ആമുഖത്താൽ ധന്യമാക്കി പ്രോത്സാഹനം നല്കിയ സുപ്രസിദ്ധ കവിയും ഗാനരചയിതാവുമായ ശ്രീ പി. ഭാസ്കരൻ

മാസ്റ്ററിനും, ആശംസകരംനേർന്നു് ഏതാനും ഗാനങ്ങരം പാടി റിക്കാർഡു ചെയ്യാൻ താൽപര്യപൂർവ്വം സമ്മതിച്ചു് ഉത്തേജനം നൽകിയ ശ്രീ കെ. ജെ. യേശുദാസിനും, ശ്രീ ജോളി എബ്രാഹമിനും കൃതജ്ഞതയർപ്പിക്കുവാൻ ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു.

അഭിപ്രായങ്ങളും ആശംസകളും നല്കി അനുഗ്രഹിച്ച ഫാ. ആബേൽ സി. എം. ഐ യേയും, സഹായസഹ കരണങ്ങരം നൽകി പ്രചോദനം പകന്നുതന്ന ഇസഡു് എം. മൂഴരിനേയും നന്ദിയോടെ സ്മരിക്കുന്നു. ഈ ഗാന ങ്ങരംക്കു് സംഗീതം പകർന്ന കെ. കെ. ആൻറണി, ജെഫ്റി ഹെൻറി, മാത്യൂസ് നെടിയകാലാ തുടങ്ങിയ കലോപാസകരായ സുഹൃത്തുക്കളെയും, അച്ചടി ഭംഗി യായി നിവ്വഹിച്ച സദ്ഗുരു പ്രിൻറിംഗ് ഹൗസ് ഭാരവാ ഹികളെയും, മററു് എല്ലാ അഭ്യുദയകാംക്ഷികളേയും ഇത്ത രുണത്തിൽ ഓമ്മിക്കുകയും ചെയ്യുന്നു.

അമലാപുരി
കോഴിക്കോട്ടു് — രചയിതാവു്
31–5–81

# ഉള്ളടക്കം


| | പേജ് |
|---|---|
| ഇന്നു നിന്നന്തികെ | 17 |
| പാവന ദേവ | 18 |
| പൂന്തിങ്കൾ ചോലയിൽ | 19 |
| മഹിമയിൽ നിന്നും | 20 |
| തുവെൺ നിലാവിൽ നീലരാവിൽ | 21 |
| മാനവജീവിതം | 22 |
| വെള്ളിത്താരകം വാനിലുദിച്ചു | 23 |
| വിണ്ണിൻ കവാടം | 24 |
| പാവനാത്മാവിൻ സക്രാരി നമ്മൾ | 25 |
| അമല മനോഹരി മാതെ | 26 |
| പുണ്യ പൂവാടിതൻ പൂനിലാവേ | 27 |
| മാരിവില്ലിനു നിറം നല്കിയ | 28 |
| സകലേശാ നിൻ തിരുസന്നിധിയിൽ | 29 |
| കർത്താവെ എന്നു വിളിപ്പവരല്ല | 30 |
| ദൈവമെ നിൻ വസതിയിൽ | 31 |
| ദൈവമെ നിൻ വചനങ്ങളെത്രയോ മോഹനം | 32 |
| അപ്പം വാഴ്ത്തി വിളമ്പിയ ദേവ | 33 |
| സൈത്തിൻ തളിരില പട്ടണിഞ്ഞ പാതയിൽ | 34 |
| അന്തിമയങ്ങി ഇരുൾ നിറഞ്ഞു | 35 |
| കാൽവരി കണ്ടൊരു കാഴ്ചയിതാ | 36 |
| കാലിത്തൊഴുത്തിൽ തെളിഞ്ഞു കാൽവരിക്കുന്നിൽ പൊലിഞ്ഞു | 37 |
| ഗത്സേമൻ താഴ്‌വരയിൽ | 38 |
| കാൽവരി ക്രൂശിലെ | 39 |
| കാൽവരി കാണ്മൂ | 40 |
| ത്യാഗത്തിൻ തൂലികയാൽ | 41 |
| പുതിയൊരു പുലരിയുദിച്ചു | 42 |

# ഇന്നു നിന്നന്തികെ

ആ....ആ....ആ....
ഇന്നു നിന്നന്തികെ
അഞ്ജലി അർപ്പിപ്പൂ ഞങ്ങൾ,
നില്ക്കുന്നു തിരുമുമ്പിൽ,
മഹിമകൾ പാടാൻ.
നിൻ മഹിമകൾ പാടാൻ
(ഇന്നു നിന്നന്തികെ).

ആ....ആ....ആ....
വിശ്വം വിതാനിച്ച
വിശ്വൈക നാഥ.
വാഴ്ത്തുന്നു നിന്നെ
മമകതാരിൽ } 2
(ഇന്നു നിന്നന്തികെ....)

ജീവൻ ത്യജിച്ച നീ
സ്നേഹം നല്കുവാൻ:
പാപികൾക്കായ് നീ
ആഗതനായി } 2
(ഇന്നു നിന്നന്തികെ....)

സംഗീതം : ജെഫ്രി ഹെൻറി

# പാവന ദേവ

പാവന ദേവ പരമാത്മാ
വാഴകയെന്നിൽ നീയെന്നും,
നിൻവരമെന്നിൽ ഫലമണിയേണം,
ശാശ്വത സത്യേ നയിക്കു എന്നെ.

തെന്നലിൽ ഗീതമായ്,
മന്നിതിൽ ദീപമായ്,
അല്ലലകററുവാൻ
ആഗതനായി നീ.

(പാവന....)

ജീവിത പാതയിൽ
വിണ്ണൊളി തൂകീടും,
സ്നേഹപിതാവിൻെറ
വാഗ്ദാനമാണ നീ.

(പാവന....)

സംഗീതം : ജെഫ്രി ഹെൻറി

# പൂന്തിങ്കൾ ചോലയിൽ

പൂന്തിങ്കൾ ചോലയിൽ പാതിരാവിൽ
പൂങ്കുളിർ തെന്നലിൽ പുൽക്കൂട്ടിൽ
ഭൂജാതനായ് മന്നിൽ ഉണ്ണിയീശോ,
ഭൂലോകരക്ഷകൻ ദൈവപുത്രൻ

(പൂന്തിങ്കൾ........)

ആ നവതാരമുദിച്ച വാനിൽ
മാലാഖമാർ വന്നു പാടി മന്നിൽ
സ്തുതിയുന്നതങ്ങളിൽ മഹേശ്വരന്,
മാനവർക്കെന്നും സുമംഗളങ്ങൾ.

(പൂന്തിങ്കൾ........)

കാലം കനകാലയത്തിൽ തേടി,
കാലിത്തൊഴുത്തിൽ കണ്ടുമുട്ടി.
കാത്തിരുന്നെത്രയോ കണ്ണുകളാ—
കാരുണ്യ രൂപനെ കാണുവാനായ്.

(പൂന്തിങ്കൾ........)

സംഗീതം : ജെഫ്രി ഹെൻറി

# മഹിമയിൽ നിന്നും

മഹിമയിൽ നിന്നും മന്നിലിറങ്ങിയ
ലോകൈക നാഥനാം ശ്രീയേശുദേവ,
സ്വർഗ്ഗീയ സ്വപ്നങ്ങളീവിശ്വവാടിയിൽ
പുഷ്പിച്ചു നിൻമർത്ത്യ ജീവിതത്താൽ

(മഹിമ........)

ആരോരുമില്ലാതലയുന്നൊരാടുകൾ—
ക്കാലംബം നൽകുമൊരാട്ടിടയൻ
ആർത്തിരമ്പുന്നൊരല്ലലിൻ സാഗരം
ആശ്രയം നൽകി നീ ശാന്തമാക്കു.

(മഹിമ........)

ഹൃദയത്തിൻ ഇരുളിൽ നീ വന്നുദിക്കു,
പുണ്യപ്പൂത്താരകൾ വിടർന്നിടട്ടെ.
സ്നേഹത്തിൻ മണിദീപമെന്നും തെളിയട്ടെ,
ത്യാഗത്തിൻ ജീവിതം പുണർന്നിടാനായ്.

(മഹിമ........)

സംഗീതം : ജെഫ്രി ഹെൻറി

# തൂവെൺ നിലാവിൽ നീലരാവിൽ

തൂവെൺ നിലാവിൽ നീലരാവിൽ;
മഞ്ഞണി മാമലത്താഴ്‌വരയിൽ;
കാലിത്തൊഴുത്തിലെ ഉണ്ണിയേശു,
മന്നിനു നല്കിയ സന്ദേശം.

(തൂവെൺ........)

വാരൊളി വാനിൽ തെളിഞ്ഞു താരം;
വിണ്ണിൽ മാലാഖ പാടി ഗാനം;
''ഈശനു കീർത്തന മുന്നതത്തിൽ,
മാനവനൂഴിയിൽ മംഗളങ്ങൾ.''

(തൂവെൺ........)

ഉണ്ണീ നിൻ കാരുണ്യക്കൺമുനയാൽ,
എഴുതിയെൻ മനസ്സിലെ സ്നേഹഗാനം;
നിൻ സ്വര രാഗമായ്‌ തീർന്നിടേണം
എന്നുടെ ജീവിത വീണയിന്മേൽ.

(തൂവെൺ........)

സംഗീതം : വിൽസൺ സി. ജി.

# മാനവ ജീവിതം

മാനവ ജീവിതം സ്നേഹമായ് മാററുവാൻ
മർത്ത്യനായ് തീർന്നൊരാ ദൈവപുത്രൻ,
മഹിമയിൽ നിന്നും മന്നിലിറങ്ങാൻ
മണിമന്ദിരങ്ങൾ തേടിയില്ല.

(മാനവ....)

കാലിത്തൊഴുത്തിലെ പുൽക്കുട്ടിലീശോ
പൂമെത്തയായതിൽ ശയിച്ചിരുന്നു
പൊന്നാട കൊണ്ടു മേനി മറയ്ക്കാനാ
മൂർത്തിമൽ പുണ്യം നിനച്ചതില്ല.

(മാനവ....)

അന്തിയുറങ്ങിയൊരാട്ടുകൾ രാവിൽ
വിണ്ണിലെ ഗീതകം കേട്ടുണർന്നു.
നീലാംബരത്തിൻ പാൽകടൽ നീന്തി,
നവ്യമാം താരകം വന്നുദിച്ചു.

(മാനവ....)

സംഗീതം : ജെഫ്രി ഹെൻറി

# വെള്ളിത്താരകം വാനിലുദിച്ചു

വെള്ളിത്താരകം വാനിലുദിച്ചു
വിണ്ണിൻ പൊൻ ദീപം തെളിഞ്ഞു മന്നിൽ;
കർത്താവാം ഏശു കാലിത്തൊഴുത്തിൽ
മർത്ത്യനായ് വന്നു പിറന്ന നേരം

ആകാശഗംഗയിൽ മാറെറാലികൊണ്ടു,
മാലാഖമാരുടെ ആനന്ദ ഗാനം
''അത്യുന്നതങ്ങളിൽ ഈശനു സ്തോത്രം,
സന്മനസ്സുള്ളോർക്കി മന്നിൽ പ്രശാന്തി''

(വെള്ളി....)

പുണ്യ പുമൈതലെ പുണന്നിടാനായ്,
പൂന്തെന്നൽ പൂമണം തൂകിവന്നു.
പുൽക്കൂട്ടിലുണ്ണിക്കു പിറകവാനായ്,
പുൽപ്പരപ്പന്നു പുൽമെത്തയേകി.

(വെള്ളി....)

സംഗീതം : ഫാ. തോമസ് തുണ്ടത്തിൽ

# വിണ്ണിൻ കവാടം

വിണ്ണിൻ കവാടം തുറന്നു മന്നിൽ
വെൺ മേഘതോരണം നിരന്നു വാനിൽ
വെൺ പ്രാവിൻ രൂപം തെളിഞ്ഞിറങ്ങി,
ദൈവ പിതാവിൻെറ സ്വരം മുഴങ്ങി

(വിണ്ണിൻ....)

നീലനിർമ്മല യോർദ്ദാൻ നദിയിൽ
കുളിർ തെന്നൽ പൊന്നലഞൊറിനെയ്തു;
കന്യാസുതനാം കർത്താവീശോ,
വിനയത്തിൽ സ്നാനത്തിനായണഞ്ഞു.

(വിണ്ണിൻ....)

മാനവ പാപം സംവഹിക്കും
ദൈവത്തിൻ മേഷമായ് വന്നുഭുവിൽ;
മാനവൻ സ്വർഗ്ഗം പുൽകുവാനായ്,
വിണ്ണിൻ കവാടം തുറന്നു തന്നു.

(വിണ്ണിൻ....)

സംഗീതം : മാത്യൂസ് നെടിയ കാലാ

# പാവനാത്മാവിൻ സക്രാരി നമ്മൾ

പാവനാത്മാവിൻ സക്രാരി നമ്മൾ
അനശ്വരമായോരാത്മാവിൻ ആലയം !
ഓർമ്മകളിന്നു വിടർത്തുന്നകതാരിൽ
ആയിരമാനന്ദ സ്മരണതൻ പുഷ്പങ്ങൾ.

(പാവനാ....)

സ്നേഹവാത്സല്യങ്ങൾ വർഷിച്ച ഈ ഞങ്ങളെ
വാരിപുണർന്നൊരാരാമൃതിയിൽ മറഞ്ഞവർ;
മന്നിൽ വിതച്ചൊരു സ്വപ്നങ്ങളിന്ന്,
വിണ്ണിൽ വിളഞ്ഞതാസ്വാദിപ്പൂ.

(പാവനാ....)

ആത്മതന്ത്രിയിൽ നിരന്തരം ധ്വനിച്ചൊരാ,
ദിവ്യപ്രചോദനം ഉൾക്കൊണ്ട നാൾക്കനാൾ
ത്യാഗമാം വേദിയിൽ അലിഞ്ഞു ക്ഷയിച്ചവർ
ഈ വിശ്വ വാടിക്ക ഭംഗി പകരാൻ.

(പാവനാ....)

(സംഗീതം : ജെഫ്രി ഹെൻറി)

DHARMARAM COLLEGE LIBRARY
BANGALORE-29.

# അമല മനോഹരി മാതെ

അമല മനോഹരിമാതെ
സ്വർഗ്ഗീയ റാണിയാം നാഥേ,
നിൻ സ്തുതി ഗീതങ്ങൾ ഞങ്ങൾ,
പാടുന്നു നിൻ മക്കളെമ്മെ.

(അമല....)

പുണ്യ പൂമ്പൊയ്കയാം നിന്നിൽ,
ദൈവം മർത്ത്യനായ്‌വന്നു വിരിഞ്ഞു;
ജീവന്റെ വൃക്ഷമാം നിന്നിൽ നിന്നും,
നവ്യമാം ജീവൻ വിടർന്നു.

(അമല....)

മാലാഖവന്നു വണങ്ങി വാഴ്ത്തി,
''സ്ത്രീകളിൽ നീ ഭാഗ്യം നിറഞ്ഞോൾ.''
ദൈവത്തിൻ മാതാവാം മേരി,
എന്നും മാനവക്കാശ്രയം അമ്മേ.

(അമല....)

സംഗീതം : കെ. കെ. ആന്റണി

# പുണ്യ പൂവാടിതൻ പൂനിലാവേ

പുണ്യ പൂവാടിതൻ പൂനിലാവേ !
പുലർകാല താരമാം ദൈവാംബികെ ;
മക്കളാം ഞങ്ങളാം നിൻ മുമ്പിലമ്മെ,
ആശ്രയം തേടിയണഞ്ഞിടുന്നു.

(പുണ്യ....)

മാലിന്യമേശാത്ത നിൻ ദീപ്തിയിൽ
പാപപ്രലോഭനമസ്തമിക്കും.
നിൻ സ്നേഹശീതള പൂഞ്ചോലയിൽ
സ്വർഗ്ഗീയ ദാനങ്ങളാം വീശിനില്ക്കും.

(പുണ്യ....)

ജീവിത കാവ്യത്തിനേശുനാഥൻ
സ്നേഹത്തിൻ രാഗം പകർന്നു തന്നു.
ആ ദിവ്യമാർഗ്ഗം തുടർന്നിടാനായ്
നിൻകരം നൽകി നയിച്ചിടേണം.

(പുണ്യ....)

സംഗീതം : കെ. കെ. ആൻറണി

# മാരിവില്ലിനു നിറം നല്കിയ

മാരിവില്ലിനു നിറം നൽകിയ
മഹോന്നതനെ മന്നിനു തന്ന,
മരിയാംബികെ മനോജ്ഞ കന്യേ;
നിൻ തിരുനാമം ഞങ്ങൾ പുകഴ്ത്തുന്നു.
(മാരി........)

കാരുണ്യ രൂപനെ ഉൾക്കൊണ്ട നാഥേ,
കാരുണ്യം യാചിച്ചു വിനീതരായ്,
കൈകൂപ്പി നിൽക്കുന്നു സന്നിധേ നിൻ
തനയൻ നിനക്കായ് തന്ന മക്കൾ.
(മാരി........)

ദൈവ കുമാരനു പൂമേനി നൽകിയ
ദേവീ നീ ദയ കാട്ടുകില്ലേ.
സ്വർഗ്ഗത്തിലെത്തി നീയൊത്തു വാഴാൻ
അമ്മെ എന്നെ നീ നയിക്കുകില്ലേ ?
(മാരി........)

സംഗീതം : മാത്യൂസ് നെടിയ കാല

# സകലേശാ നിൻ തിരുസന്നിധിയിൽ

സകലേശാ നിൻ തിരുസന്നിധിയിൽ
അണയുന്നാദരവാൽ അച്ചന കലശവുമായ്—
ബലിപീഠത്തിൽ ഉയരും അർത്ഥന ധൂപങ്ങളാം,
അനുഗ്രഹ ചാലുകളായ് തീരണമിവരുടെമേൽ.
(സകലേശാ........)

ജീവിത പൂവനിയിൽ പൂത്തിട്ടുമെന്നുമെൻ,
സന്താപ സന്തോഷ പുഷ്പങ്ങളത്രയും,
അപ്പത്തിൻ താലവും, നിറഞ്ഞൊരീകാസയിൽ,
കർത്താവെ കാഴ്ചയായ് അപ്പിക്കുന്നു.
(സകലേശാ........)

കാൽവരി മാമലയിൽ കത്താവിൻ കാരുണ്യം
കാണുന്നു മുമ്പിൽ അംത്താര തന്നിൽ
സ്നേഹത്തിൻ ത്യാഗവും കുരിശിലെ യാഗവും
ചേർത്തു നിൻ പ്രീതിയായ് തീന്നിടേണം.
(സകലേശാ........)

സംഗീതം : കെ. കെ. ആൻറണി

# കർത്താവെ എന്നു വിളിപ്പവരല്ല

കർത്താവെ കർത്താവെ എന്നു വിളിപ്പവരല്ല;
അത്ഭുതശക്തികൾ സാക്ഷിക്കുന്നവരല്ല,
ദൈവ പിതാവിൻ ഹിതമനുവർത്തിപ്പോർ
സ്വർഗ്ഗം പുല്കും.
സദ്ഗുരുദേവൻ മിശിഹാനാഥൻ മൊഴിയുന്നു.
(കർത്താവെ........)

ദാരിദ്ര്യത്താൽ ക്ലേശിതരായവരെ,
നീതി നിമിത്തം പീഡിതരായവരെ,
ശാന്തി പുലർത്താൻ പാടുപെടുന്നവരെ,
നിങ്ങൾക്കായ് ഒരിങ്ങിയിരിപ്പൂ സ്വർഗ്ഗം.
(കർത്താവെ........)

എൻപ്രിയ സോദരരാണവരെല്ലാം
അവരല്ലൊ എൻ ശിഷ്യന്മാരുലകിൽ;
അവരല്ലൊ എൻ സ്നേഹിത ഗണമെന്നും
ദൈവത്തിൻ പ്രിയസുതരാണവരെന്നെന്നും.
(കർത്താവെ........)

സംഗീതം: ജെഫ്രി ഹെൻറി

# ദൈവമെ നിൻ വസതിയിൽ

ദൈവമെ നിൻ വസതിയിൽ വാഴാൻ
യോഗ്യനാരു്
നിൻ തിരുമലയിൽ ആശ്വസിക്കാനർഹനാരു് ?
പാവന ചിന്താമലരുകൾ വിരിയും മാനസ്സമോടേ,
ബലിപീഠത്തിങ്കലണയാൻ വരമരുളേണം.

(ദൈവമെ........)

നിർമ്മലമായി നീതിയോടുലകിൽ ജീവിപ്പവനും,
നാവാൽ വഞ്ചന ചെയ്യാതുള്ളിൽ സത്യം
പാലിപ്പവനും.
സോദരനെതിരായ് തിന്മകളൊന്നും ചെയ്യാത്തവനും
സ്നേഹിതനെതിരാം പ്രേരണ തെല്ലു
വഴങ്ങാത്തവനും,

(ദൈവമെ........)

സത്യം പാലിച്ചവിഹിത ദ്രവ്യമെടുക്കാത്തുള്ളവർ,
ദുഷ്ട ജനത്തോടൊത്തു വസിച്ചു മദിക്കാത്തവരും;
ഈശ്വര ഭക്തരെ ബഹുമാനിച്ചു വണങ്ങുന്നവരും;
ധാർമ്മികനെതിരായ് പ്രതിഫലമൊന്നും
വാങ്ങാത്തവരും.

(ദൈവമെ........)

സംഗീതം : കെ. കെ. ആൻറണി

## ദൈവമെ നിൻ വചനങ്ങളെത്രയോ മോഹനം

ദൈവമെ നിൻ വചനങ്ങളെത്രയോ മോഹനം
സ്നേഹിച്ചാദരിക്കും ഞാനവയെന്നും
തിരുവചസ്സുകൾ തൻ ചുരുളുകൾ നിവർത്തുമ്പോൾ
സ്വർഗ്ഗീയ ദീപ്തിതൻ പൊൻ പ്രഭ ചൊരിയുന്നു.
(ദൈവമെ........)

പൈതങ്ങളിൽ സുവിജ്ഞാനം നീ വിളമ്പുന്നു.
നിൻ ഹിതമനുവർത്തിച്ചെൻ ചെയ്തികളിൽ,
തിരുനാമമെന്നും പ്രകീർത്തിക്കുവാൻ
തവ വരങ്ങളെനിക്കു നീ നൽകിടേണം.
(ദൈവമെ........)

എൻ പരാജയമെൻ വൈരികൾ കാണാതെ,
പ്രമാണ പാതയിൽ നയിക്കേണമെ;
തിന്മയിൽ വീഴാതെ പാലനം നൽകണം,
തിരുലാളന സന്തോഷം പകരേണം.
(ദൈവമെ........)

സംഗീതം : കെ. കെ. ആൻറണി

# അപ്പം വാഴ്ത്തിവിളമ്പിയ ദേവ

അപ്പം വാഴ്ത്തിവിളമ്പിയ ദേവ,
ജീവന്റെ ഭോജ്യമാം ഏശുനമോ;
എൻ മനം നിനക്കായ് ഒരിങ്ങിനിൽപ്പൂ,
നീയെഴുന്നള്ളുകെൻ ഹൃത്തടത്തിൽ.

(അപ്പം.......)

എന്നെയെൻ സർവ്വവും നൽകുവാനായ്
നിൻ തിരുമുമ്പിൽ ഞാനണയുന്നു.
ജീവൻ പകരുന്ന നീർച്ചാലു നീ;
ഭാരം വഹിക്കുവോർക്കത്താണിയും നീ.

(അപ്പം........)

ദൈവ പിതാവിന്റെ ദിവ്യദാനം;
ഈ മരുഭൂമിയിൽ നീ ദിവ്യമന്നാ.
നിൻ സ്നേഹ ജ്വാലയെരിഞ്ഞിടേണം;
നിൻ ദീപമെന്നിൽ തെളിഞ്ഞിടേണം.

(അപ്പം........)

സംഗീതം : മാത്യൂസ് നെടിയകാല

# സൈത്തിൻ തളിരില പട്ടണിഞ്ഞ പാതയിൽ

സൈത്തിൻ തളിരില പട്ടണിഞ്ഞ പാതയിൽ
പൂമലർ തൂകിയൊരായിരം വർണ്ണമേളാ ;
രാജാധിരാജനാം ഏശുവിൻ ജൈത്രയാത്ര;
ആഹ്ലാദാരവ സ്വരവീചികളുയരുന്നു.

(സൈത്തിൻ....)

ദൈവത്തിൻ നാമത്തിൽ വരുന്നവൻ ധന്യൻ
ദാവീദിൻ സുതനേശു ദേവനോശാന ;
സ്വർലോകത്തുന്നു വരും ദൈവപുത്രനോശാന
മനുഷ്യ ജീവനണിഞ്ഞ മഹിമാവിനോശാന.

(സൈത്തിൻ....)

തിരമാലകൾ ഉയർന്നലറും വൻകടലും
പൂഞ്ചോലകൾ നിര തിങ്ങിയ താഴ്‌വരയും
വെൺമഞ്ഞിൻ കുളിരണിയും മലനിരയും,
പുളകിതമായ് മഹേശനോശാന പാടുന്നു.

(സൈത്തിൻ....)

സംഗീതം : കെ. കെ. ആൻറണി

# അന്തി മയങ്ങി ഇരുൾ നിറഞ്ഞു

അന്തി മയങ്ങി ഇരുൾ നിറഞ്ഞു ;
തെന്നലിൻ നാദമടഞ്ഞു നിന്നു.
പൂഞ്ചോല തേങ്ങി കരഞ്ഞിളകി,
വിശ്വവും ശിഷ്യരും നിദ്ര പൂൽകി.

(അന്തി....)

ശോകമണിഞ്ഞ ഗത്സേമിനിൽ
ശോണിതചാൽ മേനിയുമായ്
ദൈവകുമാരനുണർന്നിരുന്നു
പ്രാർത്ഥന സൂനം കൊരുത്തിരുന്നു.

(അന്തി....)

യോർദ്ദാൻ നദി തീരങ്ങളെ,
പാതിരാപ്പൂ താരങ്ങളെ,
ദേവൻ കദനത്തിൽ മുങ്ങിടുമ്പോൾ,
നിങ്ങളും നിദ്രയിലാണ്ടുപോയോ ?

(അന്തി....)

സംഗീതം : കെ. കെ. ആന്റണി

# കാൽവരി കണ്ടൊരു കാഴ്ചയിതാ

കാൽവരികണ്ടൊരു കാഴ്ചയിതാ,
കദനമുതിർത്തൊരു രൂപമിതാ ;
പാപമൊരുക്കിയ മരക്കുരിശിൽ
ജീവൻ നല്കിയ സ്നേഹമിതാ.

(കാൽവരി....)

ദൈവപിതാവിൻെറ ദിവ്യസുതൻ.
കന്യകതനയൻ കാൽവരിയിൽ,
കാൽ കരമാണിയാൽ ബന്ധിതനായ്,
കരളംനൊന്തു കരയുന്നു ക്രൂശിന്മേൽ.

(കാൽവരി....)

നൂററാണ്ടുകളുടെ വീഥികളിൽ
നിൻവചനങ്ങരം പ്രഭതൂകും ;
കാലത്തിൻെറ കാതുകളിന്നും നിൻ,
ശോക വിലാപങ്ങരം കേരംക്കുന്നു.

(കാൽവരി....)

സംഗീതം : മാത്യൂസ് നെടിയകാലാ

# കാലിത്തൊഴുത്തിൽ തെളിഞ്ഞു
# കാൽവരിക്കുന്നിൽ പൊലിഞ്ഞു

കാലിത്തൊഴുത്തിൽ തെളിഞ്ഞു,
കാൽവരിക്കുന്നിൽ പൊലിഞ്ഞു,
ആ ലോക ദീപം അണഞ്ഞു,
ആ ദിവ്യരൂപം മറഞ്ഞു.
(കാലിത്തൊ....)

രോഗശാന്തി പകർന്ന കരങ്ങൾ
കുരിശിൽ തറഞ്ഞു പിടഞ്ഞു.
പാപവിമുക്തി നൽകിയ നാദം,
മനം തകർന്നു കരഞ്ഞു നിലച്ചു.
(കാലിത്തൊ....)

അന്ധകാരം നിറഞ്ഞു ഭുവിൽ
ഇരുളിൻ യവനിക വീണു.
ചേതനയററു തേങ്ങലുയർന്നു,
ഗദ്ഗദങ്ങൾ തെന്നലിൽ ലയിച്ചു.
(കാലിത്തൊ....)

സംഗതീം : കെ. കെ. ആൻറണി.

# ഗത്സേമൻ താഴ്വരയിൽ

ഗത്സേമൻ താഴ്വരയിൽ ഒലിവുമര
ചോലയിൽ,
ലോകപാപഭാരവുമായ് ഏകനായ്
ഏശുദേവൻ,
വന്നൊരു സന്ധ്യയിൽ മാനവരില്ല
വാനവരില്ലരികിൽ,
നിറഞ്ഞയാതനയറിയാൻ തൻ
ശിഷ്യരുമില്ലവിടെ.
(ഗത്സേമൻ....)

വേദന തൻ വേലിയേററത്താലാഞ്ഞടിച്ചിളകം,
ദുഃഖാബ്ധിയിൽ നീന്തി നീന്തി നിണം വിയർത്തു;
വിശ്വേശ്വരൻ വിവശനായി വീണു മന്നിൽ
നിശ്ചലം വിളറി വിറച്ചൊരു ഗാത്രവുമായ്.
(ഗത്സേമൻ....)

കേണപേക്ഷിച്ചു തൻ താതനോടാദരാൽ
''സാധ്യമെങ്കിലീകാസയെന്നെ കടന്നു
പോകണം ;
എന്നുള്ളമല്ല നിൻ പ്രീതിമാത്രം
ഭവിച്ചിടേണം ;''
പവിത്രമാം പ്രാർത്ഥനയാൽ പ്രണമിച്ചിടുന്നു
ഭവാൻ
(ഗത്സേമൻ....)

സംഗീതം : ജെഫ്രി ഹെൻറി

# കാൽവരി ക്രൂശിലെ

കാൽവരി ക്രൂശിലെ
കദനത്തിൻ കാവ്യമെ,
എന്നുമെന്നുള്ളിൽ നീ,
ജീവിക്കും സ്നേഹമെ.

(കാൽവരി....)

കാരുണ്യം കളിയാട്ടും നിൻ കൺകളിൽ
മിഴി നീരിൻ നീറചാലുകൾ ഞാൻ കാണ്മൂ
ആശിസ്സിന്നുയർന്ന നിൻ കൈകളിൽ
ആണികളാൽ മുറിവുകളല്ലൊ കാണുന്നു.

(കാൽവരി....)

കാലിത്തൊഴുത്തിലെ കന്യകനന്ദനൻ,
കാൽവരി കുന്നിൽ കള്ളന്മാർ നടുവിൽ;
പാപഭാരത്തിൻ കുരിശിൽ കിടന്നു,
സ്നേഹദാഹത്താൽ കേണിടുന്നു.

(കാൽവരി....)

സംഗീതം : ജെഫ്രി ഹെൻറി

# ത്യാഗത്തിൻ തൂലികയാൽ

ത്യാഗത്തിൻ തൂലികയാൽ
ഹൃദയത്തിന്നിതളുകളിൽ
സ്നേഹത്തിൻ കഥയെഴുതും
ക്രൂശിതനായൊരാ ദൈവപുത്രൻ.

(ത്യാഗാത്തിൻ....)

മൃത്യുവിന്നപ്പുറം ജീവൻ നല്കുവാൻ,
മർത്ത്യനായ് വന്നു മൃത്യു വരിച്ചു.
മൃത്യുവെ ജയിച്ച ജീവേശ്വരാ,
എന്നുമെൻ ജീവനിൽ നീ നിറഞ്ഞിടേണം.

(ത്യാഗത്തിൻ....)

ജീവനും മാർഗ്ഗവും നീ തന്നെയല്ലൊ
നിത്യനാം ദൈവത്തിൻ രൂപമാം നീ.
സത്യത്തിൻ സാക്ഷിയായ് വന്നു മന്നിൽ;
സത്യം ഗ്രഹിക്കുമാറാക്കുകെന്നെ.

(ത്യാഗത്തിൻ....)

സംഗീതം : ജെഫ്രി ഹെൻറി

# കാൽവരി കാണ്മൂ

കാൽവരി കാണ്മൂ മലയോ ഒരു കടലോ
പറുദീസമുതലൊഴുകി അടിഞ്ഞ
മാനവ പാപകളങ്കം നിരന്നു നിറഞ്ഞതോ
കാൽവരി കാണ്മൂ മലയോ ഒരു കടലോ

(കാൽവരി....)

കദന കരിങ്കടൽ ആഞ്ഞടിച്ചുയരുമ്പോഴും
സ്നേഹത്തികവിൻ ശാന്ത സാഗരമാം ഹൃദയം
തുറന്നാഗോളമാകെ ആഞ്ഞുപുണരാനൊരു
ങ്ങിനിൽപ്പു
തൻ കരങ്ങളും വിരിച്ചാ മരക്കുരിശിൽ

(കാൽവരി...)

ജീവപ്രകാശമാം ദിവ്യദീപം കാൽവരിയിൽ
മൃത്യുവാം ആഴിയിൽ അസ്തമിച്ചണഞ്ഞ നേരം
കരഞ്ഞു പ്രപഞ്ചമാകെ ഇളകി ഇരുളു വിരിച്ചു.
മനം തകർന്നു പിളർന്നു പാറകളും പോലും

(കാൽവരി....)

സംഗീതം : മാത്യു നെടിയകാല

# പുതിയൊരു പുലരിയുദിച്ചു

പുതിയൊരു പുലരിയുദിച്ചു;
നവമൊരു പുളകമണിഞ്ഞു;
മനുഷ്യപുത്രനുയിർത്തു
വിജയപതാക പറന്നു.

(പുതിയൊരു....)

മരണത്തിൽ താണു മറഞ്ഞൊരു,
ലോകത്തിൻ സുരദീപമുദിച്ചു;
കല്ലറവിൺ പ്രഭ വിതറി;
സ്വർഗ്ഗകവാടം തുറന്നു.

(പുതിയൊരു....)

ത്യാഗത്തിൻ നവജീവനുണർന്നു
സ്നേഹത്തിൻ പൊൻകതിരു ചൊരിഞ്ഞു
മർത്യനു സ്വർഗ്ഗം നല്കാൻ,
രക്ഷക നീശനുയിർത്തു.

(പുതിയൊരു....)

സംഗീതം : ജെഫ്രി ഹെൻറി

# ഗാഗുൽത്താമലയിൽ

ഗാഗുൽത്താമലയിൽ കുരിശിൻ ചുവട്ടിൽ
ദുഃഖത്താൽ ക്ഷതമേററ മനസ്സുമായ്,
മടിയിൽ വളർത്തിയ മകനെ കാണ്മാൻ,
കന്യക മാതാവു വന്നു.

(ഗാഗുൽത്താ........)

കണ്ടാലും നിറയാത്തൊരാ കൺകളിൽ,
കരഞ്ഞാലും വററാത്തൊരുറവയുണ്ട്.
തകന്നാലും പിളരാത്ത ഹൃദയത്തിൽ,
തന്നാലും തീരാത്ത സ്നേഹമുണ്ട്.

(ഗാഗുൽത്താ........)

മറന്നാലും മായാത്തൊരഴകിനെ,
നിണമാരി ചൊരിയുന്ന മുകിലായ് കണ്ടു.
നിമിഷങ്ങൾ കുരിശിൽനിന്നുരുവിട്ടു,
എല്ലാക്കും കനിവുറെറാരമ്മയിതാ.

(ഗാഗുൽത്താ........)

സംഗീതം: കെ. കെ. ആൻറണി

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |

DC Library
*00045935*
T61 M90

തികഞ്ഞ ചാരിതാർത്ഥ്യമാണ് ജെ. മുകളേലിൻെറ ഗാഥാർച്ചനയിലെ ഗാനങ്ങൾ വായിച്ചപ്പോഴും അവയുടെ സംഗീതാവിഷ്ക്കരണം ശ്രവിച്ചപ്പോഴും എനിക്കുണ്ടായതു്. ആധ്യാത്മികാനുഭൂതി ഉണർത്തി ആത്മാവിൻെറ തന്ത്രികളിൽ രാഗാർച്ചന നടത്തുന്ന ഈ കൃതി സംഗീതത്തിനും സാഹിത്യത്തിനും വിലപ്പെട്ട ഒരു മുത്താണ്; ഈശ്വര സായൂജ്യത്തിലേയ്ക്കു അനുവാചകരെ നയിക്കുന്ന ദീപശിഖയാണ്..... ആപാദമധുരമായ ഗാനതല്ലജങ്ങൾകൊണ്ടു് ആത്മാവിൽ പുളകം ചാർത്തിയ മുകളേലിനു് ഉത്തരോത്തരം ഉത്ക്കർഷം നേരുന്നുകൊള്ളുന്നു.

ഫാ. സെഡ്. എം. മൂഴൂർ

എഡിററർ, ദീപിക.



இ. முருகையன்

T61
M90